പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 597 — 10/07/2012-ൽ മറുപടിക്ക്

പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ:<br>ശ്രീ.കെ.എൻ.എ.ഖാദർ:<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | 14/01/2011-ലെ സ.ഉ.(അ) 20/2011/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം 2011 ഏപ്രിൽ 1 മുതൽ ഗ്രാമപഞ്ചായത്തുകളിൽ 2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന് ഒരു സമയക്രമം നിശ്ചയിച്ച് 20/11/2011-ലെ സ.ഉ.(സാധാ) നം.2414/11/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ അതിൽ പരാമർശിച്ചിരുന്ന സമയക്രമമനുസരിച്ച് വസ്തു നികുതി പുനർ നിർണ്ണയ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ സമയപരിധി നീട്ടി പുതുക്കിയ സമയക്രമം നിശ്ചയിച്ച് 09/03/2012-ലെ സ.ഉ.(സാധാ) നം.716/2012/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സമയ ക്രമം അനുസരിച്ച് ബഹു.ഭൂരിപക്ഷം ഗ്രാമ പഞ്ചായത്തുകളിലും കെട്ടിട നമ്പർ പതിക്കുകയും നികുതിദായകർക്ക് വസ്തു നികുതി റിട്ടേൺ ഫോറങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത റിട്ടേൺ ഫോറങ്ങൾ തിരികെ വാങ്ങി വസ്തു നികുതി റിട്ടേൺ രജിസ്റ്റർ തയ്യാറാക്കി തുടർന്ന് നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകി വസ്തു നികുതി പരിഷ്കരണ പ്രക്രിയ പൂർത്തിയാക്കേണ്ടതുണ്ട്. |
| (ബി) നികുതി പരിഷ്ക്കരണ കാര്യത്തിൽ പുതിയ മാനദണ്ഡം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 14/01/2011-ലെ സ.ഉ.(അ) 20/2011/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം 2011 ഏപ്രിൽ 1 മുതൽ ഗ്രാമപഞ്ചായത്തുകളിൽ 2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. വാർഷിക വാടകയുടെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയ രീതി ഒഴിവാക്കി തറവിസ്തീർണ്ണത്തിന്റെ (പ്ലിന്ത് ഏര്യ) അടിസ്ഥാനത്തിലും, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗരീതി, നിർമ്മാണത്തിന്റെ തരം, മറ്റ് നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ മാനദണ്ഡമാക്കിയുമാണ് വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നത്. |

(സി) എങ്കിൽ നികുതി നിർണ്ണയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(സി) വാർഷിക വാടകയുടെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയ രീതി ഒഴിവാക്കി തറ വിസ്തീർണ്ണത്തിന്റെ (പ്ലിന്ത് ഏര്യ) അടിസ്ഥാനത്തിലും, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗരീതി, നിർമ്മാണത്തിന്റെ തരം, മറ്റ് നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ കണക്കിലെടുത്തുമാണ് വസ്തു നികുതി നിർണ്ണയം നടപ്പിലാക്കിയിരിക്കുന്നത്. അടിസ്ഥാന വസ്തു നികുതിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി, സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി, ചുമരിന്റെ നിർമ്മിതി, എയർകണ്ടീഷനിംഗ് സൗകര്യം, കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ, 6-ാം ചട്ടത്തിൽ പ്രതിപാദിക്കുന്ന ഇളവുകളും വർദ്ധനവുകളും സംബന്ധിച്ച പട്ടികകളിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചും ശതമാനക്കണക്കിലും അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതും അപ്രകാരം ഇളവുകളും വർദ്ധനവുകളും വരുത്തിയ പ്രകാരമുള്ള തുക തൊട്ടടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേയ്ക്ക് ക്രമീകരിച്ച് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കേണ്ടതുമാണ്. എല്ലാ ഇനങ്ങളിലുമായി അനുവദിക്കാവുന്ന ആകെ ഇളവ് അടിസ്ഥാന വസ്തു നികുതിയുടെ 75 ശതമാനത്തിൽ അധികരിക്കുവാൻ പാടില്ല. പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കുമ്പോഴോ പുനർ നിർണ്ണയിക്കുമ്പോഴോ അപ്രകാരം നികുതി നിർണ്ണയിക്കുന്നതിനോ പുനർ നിർണ്ണയിക്കുന്നതിനോ തൊട്ടുമുമ്പ് നിലവിലുള്ള വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ, അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വസ്തു നികുതിയുടെ അറുപത് ശതമാനത്തിൽ അധികരിക്കുവാൻ പാടില്ലാത്തതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ